"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - ജീവനക്കാര്യം - തിരുവനന്തപുരം കൈമനം വനിതാ പോളിടെക്നിക് കോളേജിലെ കൊമേഴ്സ്യൽ പ്രാക്ടീസ് വിഭാഗം എച്ച്.ഒ.ഡി ശ്രീ.മുഹമ്മദ് ജുറൈജ് എൻ-ന് കേരള ക്രിക്കറ്റ് അസോസിയേഷൻ അംപയറുടെ ചുമതല വഹിക്കുന്നതിന് നിരാക്ഷേപ പത്രം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.857/2025/HEDN തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:- 1. സ.ഉ.(അച്ചടി) നം.11/2022/ഉഭപവ തീയതി 28/08/2022

2. ശ്രീ.മുഹമ്മദ് ജുറൈജ് എൻ 03.01.2025 ൽ സമർപ്പിച്ച അപേക്ഷ.

3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 10.03.2025 ലെ ഡി.ടി.ഇ.ടി.വി.എം/700/2025-ഇ.സി.2 (ഇ.സി) നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം കൈമനം വനിതാ പോളിടെക്നിക് കോളേജിലെ കൊമേഴ്സ്യൽ പ്രാക്ടീസ് വിഭാഗം എച്ച്.ഒ.ഡി ആയ ശ്രീ.മുഹമ്മദ് ജുറൈജ് എൻ, കേരള ക്രിക്കറ്റ് അസോസിയേഷൻ നടത്തിയ പരീക്ഷകളിലൂടെ സ്റ്റേറ്റ് പാനൽ അമ്പയർ ആയി സെലക്ഷൻ ലഭിച്ചിരിക്കുന്നതിനാൽ KCA യുടെ നിയന്ത്രണത്തിൽ നടത്തുന്ന ക്രിക്കറ്റ് മൽസരങ്ങൾ നിയന്ത്രിക്കുന്നതിനും KCA, BCCI മുതലായ ക്രിക്കറ്റ് അസ്സോസിയേഷനുകൾ നടത്തുന്ന തുടർ പരീക്ഷകളിൽ പങ്കെടുക്കുന്നതിനുമായി നിരാക്ഷേപ പത്രം അനുവദിക്കണമെന്നും സൂചിപ്പിച്ച് സമർപ്പിച്ച അപേക്ഷ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ആദ്യ പ്രൊവിസോ അനുസരിച്ച് സാമൂഹിക-ധർമ്മപരമായ ഓണററി പ്രവർത്തനങ്ങളിലും, ശാസ്ത്രം, കലാ-സാംസ്കാരിക-സാഹിത്യ മേഖലകളിലെ വല്ലപ്പോഴുമുള്ള പ്രവർത്തനങ്ങളിലും, പ്രതിഫലം കൈപ്പറ്റില്ല എന്ന വ്യവസ്ഥയിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗമുണ്ടാകാത്ത വിധത്തിൽ ഏർപ്പെടാവുന്നതും സർക്കാർ അപ്രകാരം നിർദ്ദേശിക്കുന്ന പക്ഷം ഇത്തരം പ്രവർത്തനങ്ങളിൽ തുടർന്ന് ഏർപ്പെടാൻ പാടില്ലാത്തതുമാകുന്നു. പരാമർശം (1) ഉത്തരവ് പ്രകാരം പ്രസ്തുത പരിമിതി വ്യവസ്ഥയിൽ 'sports' എന്ന പദം കൂടി ചേർത്ത് ഭേദഗതി വരുത്തിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ തടസം വരുത്തില്ല എന്നും, പ്രവൃത്തി സമയം ഇതിനുവേണ്ടി ചെലവഴിക്കില്ല എന്നുമുള്ള ടിയാന്റെ ഉറപ്പിലും

പരാമർശം (1) ഉത്തരവ്, 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ആദ്യ പ്രൊവിസോ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി, ശ്രീ.മുഹമ്മദ് ജുറൈജ് എൻ ന് ടിയാന്റെ ഔദ്യോഗിക ചുമതലകൾക്ക് ഭംഗം വരാത്ത രീതിയിൽ കേരള ക്രിക്കറ്റ് അസോസിയേഷൻ അംപയറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് നിരാക്ഷേപ പത്രം അനുവദിച്ച ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PARVATHY S A

അണ്ടർ സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.മുഹമ്മദ് ജുറൈജ് എൻ, കൊമേഴ്സ്യൽ പ്രാക്ടീസ് വിഭാഗം എച്ച്.ഒ.ഡി, സർക്കാർ വനിതാ പോളിടെക്നിക് കോളേജ്, തിരുവനന്തപുരം (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്/(L2/167/2025).

ഉത്തരവിൻ പ്രകാരം

Signed by Geetha Lekshmi.
G
Date: 04-07-2025 11:04:28

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.